# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം - 695 033**

**വിജ്ഞാപനം**

നമ്പർ. 137/2015/സം.തി.ക. തിരുവനന്തപുരം, 2015 ഒക്ടോബർ 04.

കേരള പഞ്ചായത്ത്‌രാജ് ആക്ട് 153-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (സി) ഖണ്ഡ പ്രകാരം 2015-ലെ ത്രിതല പഞ്ചായത്തുകളിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്കായി, സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങളിൽ 46 എണ്ണം പട്ടികജാതി സ്ത്രീകൾക്കും, 46 എണ്ണം പട്ടികജാതിക്കാർക്കും, 8 എണ്ണം പട്ടികവർഗ്ഗ സ്ത്രീകൾക്കും, 8 എണ്ണം പട്ടിക വർഗ്ഗക്കാർക്കും 417 എണ്ണം സ്ത്രീകൾക്കും സംവരണം ചെയ്തുകൊണ്ട് 2015 ഒക്ടോബർ 01-ാം തീയതി പുറപ്പെടുവിച്ച 126/2015/സംതിക നമ്പർ വിജ്ഞാപനത്തിലെ പട്ടികയിൽ സ്ത്രീ സംവരണമായി കാണിച്ചിട്ടുള്ള 139-ാം ക്രമനമ്പരായ 28.മംഗലപുരം ഗ്രാമപഞ്ചായത്തിനു പകരമായി 29.അണ്ടൂർകോണം ഗ്രാമപഞ്ചായത്തും, 209-ാം ക്രമനമ്പരായ 59.ചുനക്കര ഗ്രാമപഞ്ചായത്തിനു പകരമായി 55.ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്തും, 525-ാം ക്രമനമ്പരായ 02 ബെള്ളൂർ ഗ്രാമപഞ്ചായത്തിനു പകരമായി 20 ചെങ്ങള ഗ്രാമപഞ്ചായത്തും താഴെ പട്ടികയിൽ പ്രകാരം ചേർത്ത് ഭേദഗതി ചെയ്ത് കൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം ചെയ്യുന്നു.

**പട്ടിക**

| ക്രമ നമ്പർ | ജില്ല | ജി. നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | സംവരണ വിഭാഗം |
|---|---|---|---|---|
| *1* | *2* | *3* | *4* | *5* |
| 139 | തിരുവനന്തപുരം | 29 | അണ്ടൂർകോണം | സ്ത്രീ |
| 209 | ആലപ്പുഴ | 55 | ചെട്ടികുളങ്ങര | സ്ത്രീ |
| 525 | കാസർഗോഡ് | 20 | ചെങ്ങള | സ്ത്രീ |

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം

ഒപ്പ്
കെ. ശശിധരൻ നായർ
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ